ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ സംവിധാനം

179(2168) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ്ജ്:
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് ; വിശദമാക്കുമോ ;

(സി) സർക്കാർ സേവനങ്ങൾ ഓൺ ലൈനിലൂടെ ലഭിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഇതിൽ ഒരുക്കിയിരിക്കുന്നത് ;

(ഡി) പ്രസ്തുത സംവിധാനംവഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അക്ഷയ കേന്ദ്രങ്ങൾ മുഖാന്തരം ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ സംസ്ഥാന സർക്കാർ നൽകിവരുന്ന സേവനങ്ങൾ ഇന്റർനെറ്റ്വഴി ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് ലഭ്യമാക്കുക എന്നതാണ് ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടലിന്റെ ഉദ്ദേശ്യ ലക്ഷ്യം.

(സി) ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടലായ www.edistrict.kerala.gov.in മുഖേന ഒറ്റത്തവണ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ വിജയകരമായി പൂർത്തിയാക്കുന്ന ഏതൊരാൾക്കും പോർട്ടലിൽ ലഭ്യമായ സേവനങ്ങൾ ഉപയോഗിക്കാവുന്നതാണ്. എസ്.എസ്.എൽ.സി. റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയുടെ വിവരങ്ങൾ ഇ-ഡിസ്ട്രിക്ടുമായി ബന്ധിപ്പിക്കപ്പെട്ടതിനാൽ പബ്ലിക് പോർട്ടലിലൂടെ ലഭിക്കുന്ന ഈ രേഖകളുടെ ആധികാരികത വില്ലേജ് ഓഫീസർമാർക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഇതിൽ ഒരുക്കിയിട്ടുണ്ട്. ഇതിലൂടെ സമർപ്പിക്കുന്ന അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്ന അവസരത്തിൽ അപേക്ഷകന് മൊബൈൽ എസ്.എം.എസ്. വഴി അക്കാര്യം അറിയാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

(ഡി)ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ വഴി നൽകുന്ന സേവനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly